2024 JANUARY
11
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## ഇന്ത്യയിലെ പ്രധാന ഐടി ഹബ്ബായി ടെക്നോപാർക്ക് മാറും



**തിരുവനന്തപുരം:** നിരവധി പുതിയ പദ്ധതികൾ ആരംഭിക്കുന്നതോടെ ഇന്ത്യയിലെ പ്രധാന ഐടി ഹബ്ബായി തിരുവനന്തപുരം ടെക്നോപാർക്ക് മാറുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ടോറസ് ഡൗൺടൗൺ പ്രോജക്ടിന്റെ ഭാഗമായുള്ള നയാഗ്ര ബിൽഡിംഗ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. ഇക്വിഫാക്സ് അനലിറ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ് പോലുള്ള ആഗോള ബ്രാൻഡുകൾ ഇതിനകം സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചു. പതിനഞ്ച് ലക്ഷം സ്ക്വയർ ഫീറ്റ് വിസ്തൃതിയിൽ പതിനായിരം നേരിട്ടുള്ള തൊഴിലവസരങ്ങൾ ഇതിലൂടെ സാധ്യമാകും. മികച്ച മാർക്കറ്റിംഗ് തന്ത്രങ്ങളിലൂടെയും പ്രവർത്തനാന്തരീക്ഷം ഒരുക്കിയും കൂടുതൽ നിക്ഷേപം സംസ്ഥാനത്ത് എത്തിക്കുന്നതിനാണ് ഗവൺമെന്റ് ശ്രമിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. വിവരസാങ്കേതിക വിദ്യാരംഗത്തെ മുന്നേറ്റങ്ങളിൽ രാജ്യത്തിന് മാതൃകയായിത്തീർന്ന നിരവധി മുൻകൈകൾ കേരളത്തിന്റേതായിട്ടുണ്ട്. ഇന്ത്യയിലെ ആദ്യത്തെ ഇലക്ട്രോണിക്സ് പ്രൊഡക്ഷൻ കമ്പനി, ആദ്യത്തെ ഐ ടി പാർക്ക്, ആദ്യത്തെ ഡിജിറ്റൽ യൂണിവേഴ്സിറ്റി, ആദ്യത്തെ ഡിജിറ്റൽ സയൻസ് പാർക്ക് എന്നിവയെല്ലാം ആരംഭിച്ചത് കേരളത്തിലാണ്. രാജ്യത്തെ ആദ്യത്തെ ഐ ടി പാർക്കായ തിരുവനന്തപുരത്തെ ടെക്നോപാർക്കിൽ ടോറസ് ഡൗൺടൗൺ പോലെ ഒരു സംരംഭം യാഥാർത്ഥ്യമാകുന്നു എന്നതിൽ അതിയായ സന്തോഷമുണ്ട്. ഇന്റർനെറ്റ് പൗരാവകാശമായി പ്രഖ്യാപിച്ച ഏക ഇന്ത്യൻ സംസ്ഥാനമാണ് കേരളം. സാധാരണക്കാർക്ക് കുറഞ്ഞ ചിലവിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കെഫോൺ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കിവരികയാണ്.ഇതിനു പുറമെ കെഫൈ എന്ന പദ്ധതിയിലൂടെ 2,023 പൊതു ഇടങ്ങളിൽ സൗജന്യ വൈ ഫൈ ഹോട്സ്പോട്ടുകൾ ഒരുക്കിയിട്ടുണ്ട്. 2,000 ഹോട്ട്സ്പോട്ടുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. സാങ്കേതിക വിദ്യാധിഷ്ഠിത വ്യവസായങ്ങളിൽ കേരളം വളരുന്നു എന്നതിന്റെ വ്യക്തമായ തെളിവാണ് കേരളത്തിൽ നിന്നുള്ള സോഫ്റ്റ്വെയർ കയറ്റുമതിയിൽ ഉണ്ടായിട്ടുള്ള വർദ്ധനവ്. 19,066 കോടി രൂപയുടെ സോഫ്റ്റ്വെയറുകളാണ് 202223 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ നിന്ന് കയറ്റുമതി ചെയ്യപ്പെട്ടതെന്നും മുഖ്യമന്ത്രി പറഞ്ഞു.

## സീറോമലബാർസഭയെ നയിക്കാൻ

# മാർ റാഫേൽ തട്ടിൽ



■ സ്ഥാനാരോഹണം ഇന്ന് ഉച്ചകഴിഞ്ഞ് 2.30 ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ

**കൊച്ചി:** സീറോമലബാർസഭയുടെ നാലാമത്തെ മേജർ ആർച്ചുബിഷപ്പായി ഷംഷാബാദ് രൂപതയുടെ മെത്രാൻ മാർ റാഫേൽ തട്ടിൽ തിരഞ്ഞെടുക്കപ്പെട്ടു. സെന്റ് തോമസ് മൗണ്ടിൽ നടന്ന സീറോമലബാർസഭയുടെ മെത്രാൻസിനഡാണ് മാർ റാഫേൽ തട്ടിലിനെ തിരഞ്ഞെടുത്തത്. 2023 ഡിസംബർ ഏഴിന് ഫ്രാൻസിസ് മാർപാപ്പ കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ രാജി സ്വീകരിച്ചതോടെയാണു പുതിയ മേജർ ആർച്ചുബിഷപ്പിനെ തെരഞ്ഞെടുക്കേണ്ട സാഹചര്യം രൂപപ്പെട്ടത്. സഭയുടെ അഡ്മിനിസ്ട്രേറ്റർ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ  മേജർ ആർച്ചുബിഷപ്പിനെ തെരഞ്ഞെടുക്കുന്നതിനുള്ള കാനോനിക ക്രമീകരണങ്ങൾ ചെയ്തു. പുതിയ മേജർആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പു വാർത്ത വത്തിക്കാനിലും സീറോമലബാർസഭയുടെ കേന്ദ്രകാര്യാലയത്തിലും ഒരേ സമയം അറിയിക്കുകയുണ്ടായി. മെത്രാൻസിനഡിന്റെ രണ്ടാമത്തെ ദിവസം നടത്തിയ വോട്ടെടുപ്പിലൂടെ പുതിയ മേജർ ആർച്ചുബിഷപ്പിനെ തെരഞ്ഞെടുത്തത്. കാനോനിക നടപടികൾ പൂർത്തിയാക്കി മേജർ ആർച്ചുബിഷപ്പിനെ തെരഞ്ഞെടുത്ത വിവരം മാർപാപ്പയെ അറിയിച്ചുകൊണ്ടു സിനഡിൽ പങ്കെടുത്ത മെത്രാന്മാർ ഒപ്പുവെച്ച കത്തും തന്റെ തെരഞ്ഞെടുപ്പിന് അംഗീകാരം നൽകണമെന്ന് അഭ്യർഥിച്ചുകൊണ്ട് സ്വന്തം കൈപ്പടയിൽ നിയുക്ത മേജർ ആർച്ചുബിഷപ് എഴുതിയ കത്തും അപ്പസ്തോലിക് നുൻഷ്യേച്ചർവഴി മാർപാപ്പയ്ക്കു സമർപ്പിച്ചു. മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പിന് അംഗീകാരം നൽകിക്കൊണ്ടുള്ള കത്ത് ഇന്നലെ ലഭിച്ചതിനെത്തുടർന്നു നിയുക്ത മേജർ ആർച്ചുബിഷപ് സിനഡിനുമുൻപിൽ വി



ശ്വാസപ്രഖ്യാപനവും  പ്രതിജ്ഞയും നടത്തി. ഇന്നലെ വൈകുന്നേരം 4.30നു സഭയുടെ കേന്ദ്ര കാര്യാലയത്തിലെ സെന്റ് തോമസ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ തെരഞ്ഞെടുപ്പു സിനഡു സമ്മേളനത്തിൽ അധ്യക്ഷനായിരുന്ന ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട് പുതിയ മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പു വിവരം പ്രഖ്യാപിച്ചു. തുടർന്ന് പുതിയ മേജർ ആർച്ചുബിഷപ്പിനെ സഭയുടെ അഡ്മിനിസ്ട്രേറ്റർ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കലും സിനഡു സെക്രട്ടറി ആർച്ചുബിഷപ് മാർ ജോസഫ് പാംപ്ലാനിയുംചേർന്ന് ഓഡിറ്റോറിയത്തിലേക്കു ആനയിച്ചു.  മേജർ ആർച്ചുബിഷപ് എമിരറ്റസ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി സംസാരിച്ചു. മാർ റാഫേൽ തട്ടിൽ നന്ദി പറഞ്ഞു.പുതിയ മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനാരോഹണം ഇന്ന് ഉച്ചകഴിഞ്ഞ് 2.30നു സഭയുടെ കേന്ദ്രകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടക്കും. സിനഡിലെ മെത്രാന്മാർക്കൊപ്പം രൂപതകളിൽ നിന്നുള്ള അല്മായ സമർപ്പിത വൈദിക പ്രതിനിധികളും സുപ്പീരിയർ ജനറൽമാരും പ്രത്യേകം ക്ഷണിക്കപ്പെട്ടവരും മാത്രമായിരിക്കും  ചടങ്ങിൽ പങ്കെടുക്കുന്നത്.

## കോഴിക്കോട് മെഡിക്കൽ കോളജിന് ദേശീയ മുസ്കാൻ സർട്ടിഫിക്കേഷൻ

**തിരുവനന്തപുരം:** മികച്ച ശിശു സൗഹൃദ സേവനങ്ങൾക്ക് ആദ്യമായി സംസ്ഥാനത്തെ ഒരു ആശുപത്രിക്ക് ദേശീയ മുസ്കാൻ സർട്ടിഫിക്കേഷൻ ലഭ്യമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കോഴിക്കോട് ഗവ. മെഡിക്കൽ കോളേജ് ഐ.എം.സി.എച്ച്. ആണ് 96 ശതമാനം സ്കോറോടെ മുസ്കാൻ സർട്ടിഫിക്കേഷൻ കരസ്ഥമാക്കിയത്. നവജാത ശിശുക്കളുടെയും കുട്ടികളുടെയും രോഗാവസ്ഥയും മരണനിരക്കും കുറയ്ക്കുന്നതിന് പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ഗുണനിലവാരമുള്ള ശിശു സൗഹൃദ സേവനങ്ങൾ ഉറപ്പാക്കുക എന്നതാണ് മുസ്കാൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. എസ്.എൻ.സി.യു.കൾ, എൻ.ബി.എസ്.യു.കൾ, പ്രസവാനന്തര വാർഡുകൾ, പീഡിയാട്രിക് ഒപിഡികൾ, എന്നീ വിഭാഗങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നിവയാണ് മുസ്കാൻ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്മുസ്കാൻ സർട്ടിഫിക്കേഷന് പുറമേ എറണാകുളം തമ്മനം നഗര പ്രാഥമിക ആരോഗ്യ കേന്ദ്രം 89.3 ശതമാനം സ്കോർ നേടി എൻ.ക്യു.എ.എസ്. പുന:അംഗീകാരവും വയനാട് മാനന്തവാടി ജില്ലാ ആശുപത്രി 92 ശതമാനം സ്കോറും നേടി ലക്ഷ്യ പുന:അംഗീകാരം നേടി. ഇതോടെ സംസ്ഥാനത്തെ 172 ആശുപത്രികൾ എൻ.ക്യു.എ.എസ്. അംഗീകാരവും 74 ആശുപത്രികൾ പുന:അംഗീകാരവും നേടിയെടുത്തു. 5 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 9 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ 39 അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, 115 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് എൻ.ക്യു.എ.എസ് അംഗീകാരം നേടിയിട്ടുള്ളത്.മികച്ച സൗകര്യങ്ങളൊരുക്കിയ 45 സർക്കാർ, സ്വകാര്യ ആശുപത്രികൾക്കാണ് ഇതുവരെ മാതൃശിശു സൗഹൃദ ആശുപത്രി ഇനിഷ്യേറ്റീവ് സർട്ടിഫിക്കറ്റ് ലഭ്യമായത്. പ്രസവം നടക്കുന്ന ആശുപത്രികളുടെ ഗുണനിലവാരം വർധിപ്പിച്ചതിനാൽ 10 സർക്കാർ ആശുപത്രികൾക്ക് ദേശീയ ലക്ഷ്യ അംഗീകാരം ഇതിനോടകം ലഭിച്ചിട്ടുണ്ട്. കൂടാതെ പ്രസവശേഷം അമ്മയേയും കുഞ്ഞിനേയും വാഹനത്തിൽ സൗജന്യമായി വീട്ടിലെത്തിക്കുന്ന മാതൃയാനം പദ്ധതി പ്രസവം നടക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിലും നടപ്പിലാക്കി. കേരളത്തിലെ മുഴുവൻ മെഡിക്കൽ കോളേജുകളിലും ജില്ലാ, താലൂക്കുതല ആശുപത്രികളിലും ശിശു സൗഹൃദ നയം നടപ്പിലാക്കി ഗുണനിലവാരമുള്ള ചികിത്സ കുഞ്ഞുങ്ങൾക്ക് ലഭ്യമാക്കും. കൂടുതൽ ആശുപത്രികൾക്ക് ദേശീയ മുസ്കാൻ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് പരിശ്രമിക്കുമെന്നും മന്ത്രി വ്യക്തമാക്കി.






## മൂലമറ്റം സെന്റ് ജോസഫ് കോളജിൽ വിവേകാനന്ദ പ്രതിമ ഇന്ന് അനാച്ഛാദനം ചെയ്യും



**കൊച്ചി:** മൂലമറ്റം സെന്റ് ജോസഫ് കോളജിൽ സ്ഥാപിക്കുന്ന സ്വാമി വിവേകാനന്ദന്റെ അർദ്ധകായ പ്രതിമയുടെ അനാശ്ചാദനവും ദേശീയ യുവജന ദിനാഘോഷം ഉദഘാടനവും നാളെ രാവിലെ 11 ന് ഗോവ ഗവർണർ അഡ്വ.പി.എസ് ശ്രീധരൻ പിള്ള നിർവ്വഹിക്കും.വിവേകാനന്ദ ജയന്തി ആഘോഷങ്ങളുടെ ഭാഗമായാണ് പ്രതിമ സ്ഥാപിക്കുന്നത്.പറവൂർ തുരുത്തിപ്പുറം സ്വദേശി ശിൽപി സജീവ് സിദ്ധാർത്ഥാണ് മൂന്നര അടി ഉയരത്തിലുള്ള വിവേകാനന്ദ സ്വാമികളുടെ പ്രതിമ രൂപകൽപ്പന ചെയ്തത് സ്വർണ്ണ വർണ്ണത്തിൽ ഫൈബറിൽ ആണ് പ്രതിമ നിർമ്മിച്ചിരിക്കുന്നത്. എളമക്കര വിവേകാനന്ദ ശിൽപം, ചങ്ങമ്പുഴ കൃഷ്ണപ്പിള്ളയുടെ ശിൽപം എന്നിവയുടെ ശിൽപിയാണ് സജീവ് സിദ്ധാർത്ഥ്

## ഗവൺമെന്റ് അംഗീകൃത സർട്ടിഫിക്കറ്റ്/ഡിപ്ലോമ പ്രോഗ്രാം: തീയതി നീട്ടി

**കൊച്ചി:** സ്റ്റേറ്റ് റിസോഴ്‌സ് സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2024 ജനുവരി സെഷനിൽ ആരംഭിക്കുന്ന ഗവൺമെന്റ് അംഗീകൃത ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, സർട്ടിഫിക്കറ്റ് ഇൻ വേഡ് പ്രോസ്സസിംഗ്, സർട്ടിഫിക്കറ്റ് ഇൻ ഡേറ്റ എൻട്രി ഓപ്പറേറ്റർ, സർട്ടിഫിക്കറ്റ് ഇൻ ഡെസ്ക് ടോപ്പ് പബ്ലിഷിംഗ്, സർട്ടിഫിക്കറ്റ് ഇൻ ഫിനാൻഷ്യൽ അക്കൗണ്ടിംഗ് എന്നീ കോഴ്‌സുകൾക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ചു. ഡിപ്ലോമ പ്രോഗ്രാ മിന് ആറുമാസവും, സർട്ടിഫിക്കറ്റ് കോഴ്‌സിന് മൂന്നു മാസവുമാണ് കാലാവധി. കോൺടാക്ട് ക്ലാസ്സുകളും പ്രോജക്ട് വർക്കും പഠനപരിപാടിയുടെ ഭാഗമായി ഉണ്ടായിരിക്കും. 18 വയസ്സിനു മേൽ പ്രായമുള്ള ആർക്കും അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി ഇല്ല. https://apps.rcc-c.in/register എന്ന ലിങ്കിലൂടെ അപേക്ഷ ഓൺലൈനായി സമർപ്പിക്കാം. വിശദവിവരങ്ങൾ www.srccc.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2024 ജനുവരി 31. എറണാകുളം ജില്ലയിലെ പഠനകേന്ദ്രങ്ങൾ: കൊച്ചിൻ സോഷ്യൽ സർവീസ് സൊസൈറ്റി , ജൂബിലി മെമ്മോറിയൽ കോംപ്ലക്സ്, ഫോർട്ട്കൊച്ചി: ഫോൺ 04842227217, 2221342. ഐഎൽസിസി കമ്പ്യൂട്ടർ എഡ്യൂക്കേഷൻ, കളമശേരി, :ഫോൺ: 9847006897, 04844872917. എംഇഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ്, നെട്ടൂർ: ഫോൺ: 9447046811

## മാർക്കറ്റ് മിസ്റ്ററി വർക്ക്ഷോപ്പ്

**കൊച്ചി:** മാർക്കറ്റിംഗ് മേഖലയിൽ കൂടുതൽ പ്രാവിണ്യം നേടുവാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (KIED), 3 ദിവസത്തെ 'മാർക്കറ്റ് മിസ്റ്ററി' വർക് ഷോപ് സംഘടിപ്പിക്കുന്നു. ജനുവരി 23 മുതൽ 25 വരെ കളമശ്ശേരിയിലെ ക്യാമ്പസ്സിലാണ് പരിശീലനം. എം എസ് എം ഇ മേഖലയിലെ സംരംഭകർ / എക്സിക്യൂട്ടീവ്സ് എന്നിവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. മാർക്കറ്റ് ഐഡന്റിഫിക്കേഷനും സ്കോപ്പിംഗും, മാർക്കറ്റ് സെഗ്മെന്റേഷൻ, മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ, ലീഡ് പരിവർത്തന പ്രക്രിയ, ഡിജിറ്റൽ മാർക്കറ്റിംഗും സോഷ്യൽ മീഡിയ ഇടപെടലുകളും, എ ഐ പ്രാപ്തമാക്കിയ മാർക്കറ്റിംഗ് ടൂളുകളിലേക്കുള്ള ആമുഖം, ഇ കൊമേഴ്‌സിൽ ഉൽപ്പന്നങ്ങളുടെ ഓൺബോർഡിംഗ്, മാർക്കറ്റിംഗിൽ ആശയവിനിമയത്തിന്റെ പ്രാധാന്യം, ടീം ബിൽഡിംഗ് & മാനേജ്മെന്റ് തുടങ്ങിയ നിരവധി വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2,950 രൂപയാണ് 3 ദിവസത്തെ പരിശീലനത്തിന്റെ ഫീസ് (കോഴ്‌സ്ഫീ, സെർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജിഎസ്ടി ഉൾപ്പടെ). താമസം ആവശ്യമില്ലാത്തവർക്ക് 1,200 രൂപയാണ് 3 ദിവസത്തെ പരിശീലനത്തിന്റെറ ഫീസ്. പട്ടികജാതിപട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് 1,800 രൂപ താമസം ഉൾപ്പെടെയും, 800 രൂപ താമസം കൂടാതെയുമാണ് പരിശീലനത്തിന്റെ ഫീസ്. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓൺലൈനായി http://kied.infot/rainingcalende ൽ ജനുവരി 18ന് മുൻപ അപേക്ഷ സമർപ്പിക്കണം: തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക്: 0484 2532890/0484 2550322/7994903058

## സൈനിക ക്ഷേമവകുപ്പ് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സൈനിക ക്ഷേമവകുപ്പ് മുഖേന വിമുക്തഭടന്മാരുടെ ആശ്രിതരായ മക്കൾക്ക് നിബന്ധനകൾക്ക് വിധേയമായി 202324 വർഷത്തെ തൊഴിലധിഷ്ഠിത, പ്രവൃത്തിപര, സാങ്കേതിക കോഴ്‌സുകൾക്ക് സ്‌കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കേ അവസാന തീയതി ജനുവരി 25. വിശദവിവരങ്ങൾക്ക് ഫോൺ: 0484 2422239.

# അന്താരാഷ്ട്ര പാരാഗ്ലൈഡിങ് ഫെസ്റ്റിവൽ വാഗമണ്ണിൽ

**കൊച്ചി:** അന്താരാഷ്ട്ര പാരാഗ്ലൈഡിങ് ഫെസ്റ്റിവൽ 2024 ന് വാഗമൺ വേദിയാകും. മാർച്ച് 14, 15, 16, 17 തിയതികളിലാണ് ഫെസ്റ്റിവൽ. ടൂറിസം വകുപ്പിന് കീഴിലുള്ള കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയും ഇടുക്കി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും സംയുക്തമായി പാരാഗ്ലൈഡിങ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സാങ്കേതിക പിന്തുണയോടെയാണ് പരിപാടി സംഘടിപ്പിക്കുന്നതെന്ന് പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ് വാർത്താസമ്മേളനത്തിൽ പറഞ്ഞു.ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ എയ്റോ സ്പോർട്സ് അഡ്വഞ്ചർ ഫെസ്റ്റിവലാണ് നാല് ദിവസം നീണ്ടു നിൽക്കുന്ന അന്താരാഷ്ട്ര പാരാഗ്ലൈഡിങ് ഫെസ്റ്റിവൽ. പതിനഞ്ചിലധികം രാജ്യങ്ങളിൽ നിന്ന് അന്തർ ദേശീയ തലത്തിൽ പ്രശസ്തരായ നൂറിലധികം ഗ്ലൈഡർമാർ പരിപാടിയുടെ ഭാഗമാകും. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവരും ഫെസ്റ്റിവലിൽ പങ്കെടുക്കുന്നുണ്ട്. ആറ് ഇനങ്ങളിലായി പാരാഗ്ലൈഡിങ്ങുമായി ബന്ധപ്പെട്ട വിവിധ മത്സരങ്ങളും സംഘടിപ്പിക്കും.ഇത് കൂടാതെ സാഹസിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അന്താരാഷ്ട്ര സർഫിങ് ഫെസ്റ്റിവൽ മാർച്ച് 29, 30, 31 തിയതികളിൽ തിരുവനന്തപുരം വർക്കലയിലും



എം.ടി.ബി കേരള 2024 ഏഴാം പതിപ്പ് ഏപ്രിൽ 26, 27, 28 തിയതികളിൽ വയനാട് മാനന്തവാടിയിലും മലബാർ റിവർ ഫെസ്റ്റിവൽ ജൂലൈ 25, 26, 27, 28 തിയതികളിൽ കോഴിക്കോട് ചാലിപ്പുഴയിലും ഇരവഴഞ്ഞിപ്പുഴയിലും നടത്താൻ തീരുമാനിച്ചതായി മന്ത്രി അറിയിച്ചു. സർഫിങ്, സ്കൈ ഡൈവിങ്, ഹോട് എയർ ബലൂൺസ്, ബങ്കീ ജംപ് എന്നിവയ്ക്ക് കേരളത്തിൽ ഭൂമിശാസ്ത്രപരമായി തന്നെ വലിയ സാധ്യതകളാണുള്ളതെന്ന് മന്ത്രി പറഞ്ഞു.

# ബജാജ് മാർക്കറ്റ്സ്, ഉജ്ജീവൻ ബാങ്കുമായി കൈകോർക്കുന്നു

**കൊച്ചി:** സ്ഥിര നിക്ഷേപങ്ങൾക്ക് 8.25% വരെ പലിശയും മുതിർന്ന പൗരന്മാർക്ക് 0.50% അധിക പലിശയും വാഗ്ദാനം ചെയ്യുന്നതിനായി ബജാജ് ഫിൻസെർവിന്റെ ഉപസ്ഥാപനമായ ബജാജ് മാർക്കറ്റ്സ്, ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്കുമായി കൈകോർക്കുന്നു.1000 രൂപ വരെയുള്ള കുറഞ്ഞ തുക പോലും ഒരു വ്യക്തിക്ക് നിക്ഷേപിക്കാം എന്നതിനാൽ വൈവിധ്യമാർന്ന നിരകളിൽപ്പെട്ട നിക്ഷേപകർക്ക് ഈ സംവിധാനം ലഭ്യമാകും. ഇതിനുപുറമേ, സ്ഥിര നിക്ഷേപം കാലാവധി പൂർത്തിയാക്കുമ്പോൾ അല്ലെങ്കിൽ കാൽക്കൊല്ല അടിസ്ഥാനത്തിൽ വ്യക്തികൾക്ക് പേഔട്ടുകൾക്കിടയിൽ തെരഞ്ഞെടുക്കുവാനുള്ള അസാധാരണമായ വഴക്കം ഇത് സാധ്യമാക്കും. മാത്രമല്ല, സേവിങ്ങ്സ് അക്കൗണ്ട് ആരംഭിക്കാതെ തന്നെ സ്ഥിര നിക്ഷേപങ്ങൾ ആരംഭിക്കുവാനുള്ള അവസരവും ഒരുക്കും. വ്യത്യസ്തമായ കാലാവധികൾ ലഭ്യമാണെന്നതിനാൽ ഉപഭോക്താക്കൾക്ക് നിശ്ചിതമായ സാമ്പത്തിക ലക്ഷ്യങ്ങൾക്ക് അനുസൃതമായിക്കൊണ്ട് തങ്ങളുടെ നിക്ഷേപങ്ങൾ നടത്തുവാൻ കഴിയും.മുതിർന്ന പൗരന്മാർക്ക് ഉയർന്ന പലിശ നിരക്കും ലഭ്യമാണ്. നികുതി ലാഭിക്കുന്നതിനെ കുറിച്ച് ചിന്തിക്കുന്ന നിക്ഷേപകർക്ക് നികുതി ലാഭിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ ആനുകൂല്യങ്ങളും നേടിയെടുക്കാൻ കഴിയും. പരിമിതമായ കടലാസു പണികളിലൂടെ അതിവേഗം അപേക്ഷകൾ സമർപ്പിക്കുവാനുള്ള അവസരം ഒരുക്കിക്കൊണ്ട് ബജാജ് മാർക്കറ്റ്സ് മൊത്തം പ്രക്രിയയും ലളിതവൽക്കരിക്കും. അതോടൊപ്പം തന്നെ ഉടനടി ഓൺലൈൻ ബുക്കിങ്ങുകൾ ലഭ്യമാക്കുകയും എളുപ്പത്തിൽ ആസൂത്രണം ചെയ്യുവാനായി സ്ഥിര നിക്ഷേപ കണക്കു കൂട്ടൽ സംവിധാനം ലഭ്യമാക്കുകയും വിവിധ സ്ഥിര നിക്ഷേപ പദ്ധതികളെ താരതമ്യം ചെയ്യാനുള്ള സംവിധാനം ഒരുക്കുകയും ചെയ്യും.തങ്ങളുടെ സമ്പത്ത് കെട്ടിപ്പടുക്കുന്ന പ്രക്രിയയിൽ സമ്മർദ്ദമില്ലാത്ത സുരക്ഷിതമായ ഒരു സമീപനം തേടിക്കൊണ്ടിരിക്കുന്നവർക്ക് സ്ഥിര നിക്ഷേപ പദ്ധതികളിൽ നിക്ഷേപിക്കൽ വലിയ നേട്ടമാണ് ഉണ്ടാക്കുക. മറ്റ് പ്രമുഖ ബാങ്കുകളുടേയും എൻ ബി എഫ് സി കളുടേയും സ്ഥിര നിക്ഷേപങ്ങളും ഈ പ്ലാറ്റ്ഫോമിലൂടെ ലഭ്യമാണ്. ഇതിനുപുറമേ ഒരു വ്യക്തിയുടേ സാമ്പത്തിക ക്ഷേമ ലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ സഹായിക്കുന്ന ഒരു നിര നിക്ഷേപ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്.

# കാഴ്ച പരിമിത വനിതകളുടെ ദേശീയ ടി20: കേരളത്തിന് രണ്ടാം ജയം

**കൊച്ചി:** കാഴ്ച പരിമിത വനിതകളുടെ ദേശീയ ടി20 ക്രിക്കറ്റിൽ സി ഗ്രൂപ്പിലെ അവസാന മത്സരത്തിൽ കേരളത്തിനു വിജയം. തമിഴ്നാടിനെ 26 റൺസിനാണ് കേരളം തോൽപിച്ചത്. ടോസ് നേടിയ തമിഴ്നാട് ബാറ്റിംഗിനയച്ച കേരളം ഇരുപത് ഓവറിൽ രണ്ടുവിക്കറ്റിനു 182 റൺസെന്ന മികച്ച സ്കോർ നേടി. മറുപടി ബാറ്റിംഗിൽ തമിഴ്നാടിനു നിശ്ചിത ഓവറിൽ മൂന്നു വിക്കറ്റിനു 156 റൺസ് മാത്രമാണ് നേടാനായത്. 62 പന്തിൽ 66 റൺസെടുത്ത് കേരളത്തിനു മികച്ച സ്കോർ ഉറപ്പാക്കിയ അദ്വൈത സന്തോഷ് കളിയിലെ താരമായി. 42 പന്തിൽ 57 റൺസെടുത്ത കെ ജംഷീല അദ്വൈതയ്ക്ക് മികച്ച പിന്തുണ നൽകി. തമിഴ്നാട് ബാറ്റിംഗ് നിരയിൽ 55 പന്തിൽ 52 റൺസെടുത്ത ശാന്തകുമാരി മികച്ച പ്രകടനം നടത്തി. എന്നാൽ കേളത്തിന്റെ കണിശമായ ബൗളിംഗും ഫീൽഡിങ്ങും തമിഴ്നാടിന്റെ വിജയം തടഞ്ഞു. നാലോവറിൽ 21 റൺസ് മാത്രം വിട്ടുകൊടുത്തു കേരളത്തിന്റെ ടി വി അതുല്യ ഒരുവിക്കറ്റ് പിഴുതു. ഗ്രൂപ്പിലെ ആദ്യമത്സരത്തിൽ ഡൽഹിക്കെതിരെയും അദ്വൈത സന്തോഷ് കളിയിലെ താരമായിരുന്നു. ഗ്രൂപ്പിലെ രണ്ടാം വിജയം സ്വന്തമാക്കിയ കേരളം പശ്ചിമബംഗാളിനെതിരെ പരാജയപ്പെട്ടിരുന്നു.

# മത്സ്യ രോഗങ്ങൾ കണ്ടെത്താൻ ’റിപ്പോർട്ട് ഫിഷ് ഡിസീസ്’ മൊബൈൽ ആപ്പ്




**കൊച്ചി:** രാജ്യത്തുടനീളം മൽസ്യരോഗങ്ങൾ കണ്ടെത്തൊൻ റിപ്പോർട്ട് ഫിഷ് ഡിസീസ് ’മൊബൈൽ ആപ്പ് പുറത്തിറക്കി.ഐ സി എ ആർ എൻ ബി എഫ് ജി ആർ സ്ഥാപനം നേതൃത്വം നൽകുന്ന ഐ സി എ ആർ സിഫ്ട് പദ്ധതിയായ നാഷണൽ സർവെയ്ലൻസ് പ്രോഗ്രാം ഫോർ അക്വാട്ടിക് അനിമൽ ഡിസീസസ് (എൻ.എസ്.പി.എ.എ.ഡി) ആണ് ’റിപ്പോർട്ട് ഫിഷ് ഡിസീസ്’ആപ്പ് പുറത്തിറക്കിയിരിക്കുന്നത്. മത്സ്യ കർഷകരെ അവരുടെ ഫാമുകളിലെ രോഗങ്ങൾ റിപ്പോർട്ട് ചെയ്യുവാനായി സൗകര്യപ്രദവും കാര്യക്ഷമവുമായ പ്ലാറ്റ്ഫോം പ്രദാനം ചെയ്യുന്നു. ഈ ആപ്പിന്റെ ഉപയോക്തൃ. സൗഹൃദവുമായ ഇന്റർഫേസ് മത്സ്യകർഷകർക്ക് വളരെ സൗകര്യപ്രദമാണ്. ആപ്പ് വാഗ്ദാനം ചെയ്യുന്ന പ്രധാന സവിശേഷത അതിന്റെ എളുപ്പത്തിലുള്ള രോഗ റിപ്പോർട്ടിംഗ് രീതിയാണ്.ഈ ആപ്പിലൂടെ കർഷകർക്ക് രോഗം ബാധിച്ച പ്രദേശം, മൽസ്യ / ചെമ്മീന്റെ സ്പീഷിസ്, രോഗലക്ഷണങ്ങൾ, രോഗം പിടിപെട്ട മൽസ്യ / ചിത്രങ്ങൾ എന്നിവ നൽകികൊണ്ട് എളുപ്പത്തിൽ രോഗബാധ റിപ്പോർട്ട് ചെയ്യുവാൻ കഴിയും. ദ്രുത പ്രതികരണത്തിനും കൃത്യമായ രോഗനിർണയത്തിനും ഈ ഡാറ്റ നിർണായമാണ്. അക്വാകൾച്ചർ ഫാമുകളുടെ കൃത്യമായ സ്ഥാനം കണ്ടെത്തുവാനും ബന്ധപ്പെട്ട വിദഗ്ദ്ധരിൽ നിന്നും വേഗത്തിലുള്ള പ്രതികരണം സുഗമമാക്കാനുമുള്ള സാങ്കേതികവിദ്യയായ ജിയോടാഗിംഗ്, ഈ ആപ്പിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുന്നു. ഇതുകൂടാതെ രോഗ പരിപാലന പ്രക്രിയയിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കിക്കൊണ്ട്, റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ അവസ്ഥയെക്കുറിച്ച് തത്സമയ അപ്ഡേറ്റുകൾ നേടുവാനും രോഗം, ചികിത്സ, മികച്ച അക്വാകൾച്ചർ രീതികൾ എന്നിവയിൽ കർഷകർക്ക് വിലപ്പെട്ട വിവരങ്ങൾ പ്രദാനം ചെയ്യുവാനും ഈ ആപ്പ് മുഖേനെ സാധിക്കും. ’റിപ്പോർട്ട് ഫിഷ് ഡിസീസ്’ ആപ്പിലൂടെ ജലജന്തുരോഗങ്ങളുടെ രോഗനിർണയം, പ്രതിരോധം, നിയന്ത്രണം, ചികിത്സ എന്നിവ ഉറപ്പാക്കുന്നതിന് ഒരു സമഗ്ര പാക്കേജ് നൽകുകയും അതുവഴി ഇന്ത്യയിലെ മത്സ്യകൃഷി കർഷകരെ ഈ ആപ്പിന്റെ പങ്കാളിത്തത്തോടെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് ഡയറക്ടർ ഡോ.ജോർജ്ജ് നൈനാൻ വ്യക്തമാക്കി.

# ഹരിതപാത’യിൽ ഗുവാഹത്തി ; 100 ഇലക്ട്രിക് ബസുകൾ നിരത്തിൽ



**ഗുവാഹത്തി:** ആസാം സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷന്(എഎസ്ടിസി) 100 ഇലക്ട്രിക് ബസുകൾ വിതരണം ചെയ്ത് ടാറ്റാ മോട്ടോഴ്സ്. സുരക്ഷിതമായ യാത്ര പ്രദാനം ചെയ്യുന്ന അൾട്ര ഇലക്ട്രിക് ബസുകളാണ് കമ്പനി വിതരണം ചെയ്തിരിക്കുന്നത്. 9 മീറ്ററുള്ള എയർ കണ്ടീഷൻ ചെയ്ത ബസുകളാണ് ഇനി അസാമിലെ നിരത്തിലോടുക. സീറോ എമിഷൻ സാധ്യതകൾ ഉപയോഗപ്പെടുത്തിയാണ് ബസ് നിർമ്മിച്ചിരിക്കുന്നത്. സവിശേഷമായ ഫീച്ചേഴ്സോടുകൂടിയ ബസിൽ നൂതന ബാറ്ററി സിസ്റ്റവും ഉണ്ട്. അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മയുടെ സാന്നിദ്ധ്യത്തിലാണ് ബസുകൾ നിരത്തിലിറക്കിയത്.പൊതുഗതാഗതം കൂടുതൽ കാര്യക്ഷമമാക്കുകയെന്നത് ഞങ്ങളുടെ പ്രധാന ദൗത്യമാണ്. അതിനായി ഒരു അവസരം നൽകിയ ആസം സർക്കാരിനും എഎസ്ടിസിയ്ക്കും നന്ദി പറയുന്നു. നിരവധി സുരക്ഷാപരിശോധനകൾക്കൊടുവിലാണ് ഈ ബസുകൾ നിരത്തിലിറക്കിയിരിക്കുന്നത്. പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ നിർമ്മിച്ചിരിക്കുന്ന ബസുകൾ യാത്രക്കാരുടെ യാത്ര കൂടുതൽ സുഗമമാക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ടാറ്റാ അൾട്രാ ഇലക്ട്രിക് ബസുകളുടെ സേവനം ഗുവാഹത്തിയിലെ ഓരോ ജനങ്ങൾക്കും എത്തിക്കാൻ സാധിച്ചതിൽ ഞങ്ങൾ അഭിമാനിക്കുന്നുവെന്ന് ടാറ്റാ മോട്ടോഴ്സ് സിവി പാസ്ഞ്ചേഴ്സ് വൈസ് പ്രസിഡന്റും ബിസിനസ് തലവനുമായ രോഹിത് ശ്രീവാസ്തവ പറഞ്ഞു. ഇതിനോടകം ടാറ്റ മോട്ടോഴ്സ് ഇന്ത്യയിലെ നിരവധി നഗരങ്ങളിലായി 1,500ലധികം ഇലക്ട്രിക് ബസുകൾ വിതരണം ചെയ്തിട്ടുണ്ട്. ഈ ബസുകൾ പത്ത് കോടി കിലോമീറ്ററിലധികം സഞ്ചരിച്ച് കഴിഞ്ഞിട്ടുമുണ്ട്. അതേസമയം ടാറ്റയുടെ അൾട്രാ ഇവി ബസുകൾ നഗര യാത്രകൾക്ക് പുതിയ മാനദണ്ഡം കുറിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കുറഞ്ഞ ഊർജ ഉപയോഗത്തിനും പ്രവർത്തന ചെലവിനും കാരണമാകുന്ന ബസുകളാണിവ. സീറോ എമിഷൻ, സുഖകരമായ ബോർഡിംഗ്, മികച്ച സീറ്റിംഗ് സംവിധാനം, ഡ്രൈവർ സൗഹാർദ്ദമായ അന്തരീക്ഷം എന്നീ ഫീച്ചറുകളാണ് ഈ ബസിന്റെ പ്രധാന സവിശേഷത. ഇലക്ട്രോണിക് സ്റ്റെബിലിറ്റി കൺട്രോൾ, ഇലക്ട്രോണിക് ബ്രേക്ക് ഡിസ്ട്രിബ്യൂഷൻ, എയർ സസ്പെൻഷൻ, ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റം (ഐടിഎസ്), പാനിക് ബട്ടൺ എന്നിവയും ഇവയിൽ സജ്ജീകരിച്ചിരിക്കുന്നു. ഇതിലൂടെ യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കാനും സാധിക്കുന്നു. കൂടാതെ നഗര യാത്രക്കാരുടെ ഗതാഗത ആവശ്യങ്ങൾ നിറവേറ്റാൻ സാധിക്കുന്ന ഇലക്ട്രോണിക് ബസ് കൂടിയാണിവ.

# കെ.പി.എം.എ : പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു


ജെ.സുനിൽ


മുഹമ്മദ് അഷറഫ്

**കൊച്ചി :** കേരള പ്ലാസ്റ്റിക് മാനുഫാക്ചേഴ്സ് അസോസിയേഷൻ (കെ.പി.എം.എ )സംസ്ഥാന പ്രസിഡന്റായി ജെ.സുനിലിനെയും ജനറൽ സെക്രട്ടറിയായി മുഹമ്മദ് അഷറഫിനെയും ട്രഷററായി ഇ.സന്തോഷ്കുമാറിനെയും തിരഞ്ഞെടുത്തു. നെടുമ്പാശേരി എയർ ലിങ്ക് കാസിൽ ഹോട്ടിൽ ചേർന്ന സംഘടനയുടെ വാർഷിക പൊതുയോഗത്തിലാണ് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തത്. വൈസ് പ്രസിഡന്റായി സി.എ ഷാഹുൽ ഹമീദിനെയും സെക്രട്ടറിയായി എ . എം കുഞ്ഞുമൊയ്തീനെയും യോഗം തിരഞ്ഞെടുത്തു.

# വനിതകൾക്ക് സൗജന്യ തയ്യൽ മെഷീനുമായി ഫെഡറൽ ബാങ്ക്



**കൊച്ചി:** സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വനിതകളെ സ്വയംതൊഴിൽ സംരംഭകരാക്കുക എന്ന ലക്ഷ്യത്തോടെ ഫെഡറൽ ബാങ്കിന്റെ സാമൂഹിക പ്രതിബദ്ധതാ വിഭാഗം നടത്തുന്ന ഫെഡറൽ സ്കിൽ അക്കാദമിയിൽ പരിശീലനം പൂർത്തിയായ 30 വനിതകൾക്ക് തയ്യൽ മെഷീനുകൾ വിതരണം ചെയ്തു. കച്ചേരിപ്പടി വിമലാലയത്തിൽ നടന്ന ചടങ്ങ് ഫെഡറൽ ബാങ്കിന്റെ ഇന്റേർനൽ ഓഡിറ്റ് വിഭാഗം വൈസ് പ്രസിഡന്റ് തുഷാര വി എം ഉദ്ഘാടനം ചെയ്തു. അവസരങ്ങളെ മികച്ച രീതിയിൽ പ്രയോജനപ്പെടുത്തി നമുക്കുതകുന്ന തരത്തിൽ മാറ്റുന്നിടത്താണ് ഓരോ വ്യക്തിയും വിജയിക്കുന്നത്. ഒരു ബാങ്കെന്ന നിലയിൽ, സമൂഹത്തിന് മികച്ച അവസരങ്ങൾ ഒരുക്കി നൽകുക എന്നത് ഞങ്ങളുടെ ഉത്തരവാദിത്തമാണ്. പരിശീലനം പൂർത്തീകരിച്ച ഏവർക്കും മികച്ച ഭാവി ആശംസിക്കുന്നുവെന്ന് തുഷാര വി. എം പറഞ്ഞു. സന്നദ്ധസേവനരംഗത്ത് മികച്ച മാതൃകകൾ പടുത്തുയർത്തിയ ഫെഡറൽ ബാങ്ക്, സ്കിൽ അക്കാദമിവഴി നിരവധി വനിതകളെ സംരഭകരാക്കി മാറ്റി. ശതമാനക്കണക്കിൽ ഏറ്റവും കൂടുതൽ വനിതാജീവനക്കാരുള്ള ധനകാര്യ സ്ഥാപനങ്ങളിൽ രാജ്യത്തുതന്നെ മൂന്നാം സ്ഥാനത്തെത്താനും ഫെഡറൽ ബാങ്കിനായി. ചടങ്ങിൽ ബാങ്കിന്റെ സിഎസ്ആർ മേധാവി അനിൽ സി ജെ, അസിസ്റ്റന്റ് വൈസ് പ്രസിഡന്റ് പ്രവീൺ കെ. എൽ, സിഎസ്ആർ വിഭാഗം മാനേജർ മെലിൻഡ പി. ഫ്രാൻസിസ്, ഫെഡറൽ സ്കിൽ അക്കാദമി ഹെഡ് ജയന്തി കൃഷ്ണചന്ദ്രൻ, സ്വയംതൊഴിൽ പരിശീലകൻ സജീവൻ തുടങ്ങിയവർ പങ്കെടുത്തു.

# ഫുഡ്ടെകിനു തുടക്കമായി



**കൊച്ചി:** അവരതിനെ ഗ്രീൻ മീറ്റ് എന്നാണ് വിളിക്കുന്നത്, കാരണം അത് പച്ചമാംസമല്ല. റെഡിറ്റുഈറ്റ് പെപ്പർ ഗ്രീൻമീറ്റും റെഡിറ്റുകുക്ക് മീറ്റ്ലൈക്ക്ചങ്ക്സും. കൊച്ചി ആസ്ഥാനമായ സ്റ്റാർട്ടപ്പ് ഗ്രീനോവേറ്റീവ് ഫുഡ്സ് പുതുതായി വിപണിയിലെത്തിക്കാൻ പോകുന്ന ഉൽപ്പന്നങ്ങളാണിവ. ഇന്നലെ  കൊച്ചി കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ തുടക്കമായ ഫുഡ്ടെക് കേരളയുടെ 15ാമത് പതിപ്പിലെ പ്രധാന ആകർഷണങ്ങളിലൊന്നാണ് ഗ്രീനോവേറ്റീവിന്റെ ഈ ഉൽപ്പന്നങ്ങൾ. മാംസത്തിനു പകരമല്ല, മാംസഭക്ഷണം ഇഷ്ടപ്പെടുകയും ആരോഗ്യകാരണങ്ങൾ കുറ്റബോധപ്പെടുകയും ചെയ്യുന്നവരെയാണ് ഈ ഉൽപ്പന്നങ്ങൾ ലക്ഷ്യമിടുന്നതെന്ന് കമ്പനിയുടെ സഹസ്ഥാപകനും സിഒയുമായ ധീരജ് മോഹൻ പറഞ്ഞു. സോയ, മറ്റു ചില പയർ, പരിപ്പു വർഗങ്ങൾ എന്നിവയിൽ നിന്നുാക്കിയതും സാധാരണ മാംസംപോലെത്തന്നെ സ്വാദിഷ്ടവും പോഷകസമൃദ്ധവുമാണ് ഈ ഉൽപ്പന്നങ്ങളെന്നും ധീരജ് പറഞ്ഞു. 300, 250 ഗ്രാം പാക്കറ്റുകളിൽ എത്തിയിരിക്കുന്ന റെഡിറ്റുഈറ്റ് പെപ്പർ ഗ്രീൻമീറ്റിന്റെ വില 275 രൂപ, മീറ്റ്ലൈക്ക്ചങ്ക്സിന് 230 രൂപ. കളമശ്ശേരി കിൻഫ്ര ഹൈടെക് പ്ലാന്റിലുള്ള കമ്പനിയുടെ പൈലറ്റ് പ്ലാന്റിന്റെ പ്രതിദിന ഉൽപ്പാദനശേഷി 100 കിലോ. ശീതളപാനീയ ഔട്ലെറ്റ് തുടങ്ങാനുള്ള സമ്പൂർണ ഉപകരണങ്ങളും സേവനങ്ങളുമാണ് ഹൈദ്രാബാദിൽ നിന്നുള്ള സോഡാഹബ് അവതരിപ്പിക്കുന്നത്. ഗോലി സോഡാമേക്കർ, ഫ്ളേവറുകൾ, ലേബലിംഗ് എന്നിവ ഉൾപ്പെടുന്ന പാക്കേജാണ് കമ്പനി അവതരിപ്പിക്കുന്നത്. ഗോലി സോഡാ മേക്കറിന് 3 ലക്ഷത്തിനടുത്താണ് വില. മിനിറ്റിൽ 6 കുപ്പി ഗോലി സോഡ ഉാക്കും. ഇത് ശരാശരി 2025 രൂപയ്ക്ക വിൽക്കാനാവുമെന്നാണ് കമ്പനിയുടെ കസ്റ്റമർ സർവീസ് മാനേജർ സുരേഷ് ടി പറയുന്നത്. വൈവിധ്യമാർന്ന പാക്കേജിംഗ് മെഷീനറികളും സേവനങ്ങളുമാണ് പ്രദർശനത്തിലെ മറ്റൊരാകർഷണം. ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾക്കാവശ്യമായ ഇത്തരം ഉൽപ്പന്നങ്ങളും സേവനങ്ങളും അവതരിപ്പിക്കുന്ന 60ലേറെ സ്ഥാപനങ്ങളാണ് പ്രദർശനത്തിനുള്ളത്. പ്രദർശനം നാളെ  സമാപിക്കും.

# കെഎംഎ രാജ്യാന്തര മാനേജ്മെന്റ് കൺവൻഷൻ 18 ന്

കൊച്ചി: കേരള മാനേജ്മെന്റ് അസോസിയേഷൻ (കെഎംഎ) 41ാമത് മാനേജ്മെന്റ് കൺവൻഷൻ ജനുവരി 18,19 തീയതികളിൽ കൊച്ചി ബോൾഗാട്ടി ഗ്രാൻഡ് ഹയാത്ത് കൺവൻഷൻ സെന്ററിൽ  നടക്കും. ബിയോണ്ട് ബോർഡേഴ്സ് : ഫോസ്റ്ററിംഗ് മാനേജ്മെന്റ് എക്സലൻസ് എന്നതാണ് ഇത്തവണത്തെ സമ്മേളന പ്രമേയം. ആയിരത്തോളം കോർപ്പറേറ്റ് പ്രമുഖരും പ്രതിനിധികളും വിദ്യർത്ഥികളും കൺവൻഷനിൽ  പങ്കെടുക്കും. ആദ്യ രാജ്യാന്തര കൺവഷൻ കൂടിയാണ് ഇത്തവണത്തേത്.രാജ്യാന്തര പ്രതിനിധികളും ഇത്തവണ കൺവൻഷനിൽ ഉണ്ടാകും. ബിസിനസ് രംഗത്ത കഴിവ് തെളിയിച്ച ഏഴ് പ്രവാസി മലയാളികളെ കൺവൻഷനിൽ ആദരിക്കും. നോർക്ക റൂട്ട്സുമായി സഹകരിച്ചാണ് എൻ ആർ ഐ സെഷൻ സംഘടിപ്പിക്കുന്നത്.

18 ന് വൈകിട്ട്  നടക്കുന്ന ചടങ്ങിൽ എച്ച് ഡി എഫ് സി ലൈഫ് ഇൻഷുറൻസ് കമ്പനി ചെയർമാൻ ദീപക് പരേഖ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. വ്യവസായ മന്ത്രി പി.രാജീവ്, ഡോ.ശശി തരൂർ എം.പി, എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും. ഇന്ത്യക്കകത്തും പുറത്തുമുള്ള  മുപ്പതോളം പ്രമുഖ ബിസിനസ് സംരംഭകരും, സിഇഒ മാരും  നയിക്കുന്ന ബിസിനസ് സെഷനുകളും കൺവൻഷന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.കെ എം എ അംഗങ്ങൾക്കും അല്ലാത്തവർക്കും മുൻകൂട്ടി  രജിസ്റ്റർ ചെയ്ത് കൺവൻഷനിൽ പങ്കെടുക്കാം. കൺവൻഷൻ ചെയർ ബിബു പുന്നൂരാൻ,  പ്രസിഡണ്ട് എ. ബാലകൃഷ്ണൻ, ഓണററി സെക്രട്ടറി ദിലീപ് നാരായണൻ, ഓണററി ട്രഷറർ അൾജിയേഴ്സ് ഖാലിദ്, കോ ചെയർമാന്മാരായ  ജിബു പോൾ,നോർക്ക റൂട്ട്സ് ഡയറക്ടറും സിഇഒയുമായ  കെ. ഹരികൃഷ്ണൻ നമ്പൂതിരി എന്നിവരടങ്ങുന്ന കൺവൻഷൻ കമ്മിറ്റിയാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.19 ന് രാവിലെ ഒൻപതര മുതൽ വിവിധ വിഷയങ്ങളിൽ പാനൽ ചർച്ച നടക്കും. അലയൻസ് ഫ്രാൻസെ  ഡയറക്ടർ മാർഗറ്റ് മിഷോട്ട്, ഇന്നൊപ്ലക്സ് എ ജി ഡയറക്ടറും റിലയൻസ് യൂറോപ്പ് മുൻ  എം ഡിയുമായ  മോഹൻ മൂർത്തി, സിഫി  ടെക്നോളജീസ് എം ഡി രാജു വേഗസ്ന, ഡി പി വേൾഡ് ദുബായ് സീനിയർ വൈസ് പ്രസിഡന്റ് ഷഹാബ് അൽ ജാസ്മി, സൗദി അറേബ്യായിലെ ഡോ. ഖയ്സർ എച്ച് മെതേവ മാനേജിംഗ് പാർട്ണർ ഡോ. ഖയ്സർ മെതേവ, സിയാൽ എം ഡി എസ് . സുഹാസ്, എയർ ഏഷ്യ ഏഷ്യ  പസഫിക് ജനറൽ മാനേജർ സുരേഷ് എസ് നായർ, സൗത്ത് ഇന്ത്യൻ ബാങ്ക് എം ഡി പി.ആർ ശേഷാദ്രി, നിപ്പോൺ ലൈഫ് ഇന്ത്യ എക്സിക്യൂട്ടീവ് ഡയറക്ടർ സന്ദീപ് സിക്ക, ഇസാഫ് എം ഡി കെ. പോൾ തോമസ്, സിഫി  എക്സിക്യൂട്ടീവ് ഡയറക്ടർ എം.പി വിജയകുമാർ, ബി ഒ ബി ഫിനാൻഷ്യൽ സൊല്യൂഷൻസ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ രവീന്ദ്ര റായ്, ജോർദാനിലെ ക്ളാസിക് ഫാഷൻ അപ്പാരൽ സിഎംഡി സനൽ കുമാർ, ആടുജീവിതം  അസോസിയേറ്റ് പ്രൊഡ്യൂസർ കെ.സി ഈപ്പൻ, സംവിധായകൻ ബ്ലെസി, ചീഫ്  അസോസിയേറ്റ് ഡയറക്ടർ റോബിൻ ജോർജ് മാത്യൂസ്, ഇറാം ഹോൾഡിങ് ചെയർമാൻ ഡോ. സിദ്ധീഖ് അഹമ്മദ്, ചോയ്സ് ഗ്രൂപ് സ്ഥാപകൻ ജോസ് തോമസ്, ബ്രിസ്റ്റൾ ലബോറട്ടറീസ് യു.കെ സിഎംഡി ടി. രാമചന്ദ്രൻ, ചോപ്പീസ് എന്റർപ്രൈസസ് സൗത്ത് ആഫ്രിക്ക സിഇഒ രാമചന്ദ്രൻ ഒറ്റപാതു എന്നിവർ വിവിധ ചർച്ചകളിൽ പങ്കെടുക്കും.18 ന് രാവിലെ ഒൻപതരയ്ക്ക് നടക്കുന്ന ബി 2 ബി സെഷനിൽ ഫെഡറൽ ബാങ്ക് മുൻ ചെയർമാനും ടെറുമോ പെൻപോൾ സ്ഥാപകനുമായ  സി.ബാലഗോപാൽ, കേരള സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് അംബിക, ഫാക്റ്റ് സിഎംഡി കിഷോർ റുങ്ത, കൊച്ചിൻ ഷിപ്പ്യാർഡ് സിഎംഡി മധു എസ് നായർ, എച്ച് എൽ എൽ ലൈഫ് കെയർ സിഎംഡി ബിജി ജോർജ്, മലബാർ സിമന്റ്സ് എംഡി കെ. ഹരികുമാർ തുടങ്ങിയവർ പങ്കെടുക്കും.പ്രൈവറ്റ് സെക്റ്റർ സക്സസ് സ്റ്റോറിസ് സെഷനിൽ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി (വി ഗാർഡ്) , അജു ജേക്കബ് (സിന്തൈറ്റ്), തോമസ് ജോൺ (അഗാപ്പെ), പമേല അന്നാ മാത്യു (ഒ ഇ എൻ) എന്നിവർ സംസാരിക്കും. ഇന്റർനാഷണൽ സക്സസ് സ്റ്റോറീസിൽ  സോഹൻ റോയ് , ടി.എൻ കൃഷ്ണകുമാർ, കെ.വി ഷംസുദ്ധീൻ, സനൽ കുമാർ ജോർദാൻ  എന്നിവർ സംസാരിക്കും.

# മെഡി അസിസ്റ്റ് ഹെൽത്ത് കെയർ സർവീസസ് : ഐപിഒ ജനുവരി 15 മുതൽ




**കൊച്ചി:** മെഡി അസിസ്റ്റ് ഹെൽത്ത് കെയർ സർവീസസ് ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) ജനുവരി 15  മുതൽ 17 വരെ നടക്കും. 12 നാണ് ആങ്കർ നിക്ഷേപകർക്കുള്ള അലോട്ട്മെന്റ്. പ്രമോട്ടർമാരുടെയും  നിലവിലുള്ള ഓഹരി ഉടമകളുടെയും 28,028,168 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.  അഞ്ച് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന്  397 രൂപ മുതൽ 418 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്.  കുറഞ്ഞത്  35 ഓഹരികൾക്കും തുടർന്ന്  35 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം.  ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ്, നുവാമ വെൽത്ത് മാനേജ്മെന്റ് ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ  ബുക്ക് റണ്ണിംഗ് ലീഡ് മാനേജർമാർ.

# വി ജി സറഫ് കാർക്കിനോസ് കാൻസർ സെന്റർ ഉദ്ഘാടനം ചെയ്തു

**കൊച്ചി:**  കാർക്കിനോസ് ഹെൽത്ത്കെയറുമായി സഹകരിച്ച് വി ജി സറഫ് മെമ്മോറിയൽ ആശുപത്രിയിൽ വി ജി സറഫ്കാർക്കിനോസ് കാൻസർ സെൻററിനു തുടക്കം കുറിച്ചു. സറഫ് മെമ്മോറിയൽ ഹോസ്പിറ്റൽ ഡയറക്ടർ ഡോ. അനിൽകുമാർ വി സറഫ് സെൻറർ ഉദ്ഘാടനം ചെയ്തു. ഡോ. വിവേക് എ സറഫ്, കാർക്കിനോസ് ഹെൽത്ത്കെയർ കേരളാ ഓപ്പറേഷൻസ് സിഇഒയും മെഡിക്കൽ ഡയറക്ടറുമായ  ഡോ. മോനി ഏബ്രഹാം കുര്യാക്കോസ് ക്ലനിക്കൽ ഓപ്പറേഷൻസ് ഡയറക്ടർ ഡോ. രാമദാസ് കെ തുടങ്ങിയവർ സംബന്ധിച്ചു. കാൻസർ പരിരക്ഷ ലഭ്യമാകുന്നതിനും താങ്ങാനാവുന്നതിലും ഉള്ള അഭാവം പരിഹരിക്കുക എന്ന പ്രാഥമിക ലക്ഷ്യവുമായാണ് ഈ കേന്ദ്രം സ്ഥാപിച്ചത്. സേവനങ്ങളുടെ ലഭ്യതയോ അതു താങ്ങാനാവാത്ത സ്ഥിതിയോ മൂലം ആർക്കും ഗുണമേൻമയുള്ള കാൻസർ പരിരക്ഷ നിഷേധിക്കപ്പെടുന്നില്ല എന്ന് ഉറപ്പാക്കുകയാണ് ലക്ഷ്യം. വി ജി സറഫ് ആശുപത്രിയിലെ പുതിയ വി ജി സറഫ്കാർക്കിനോസ് കാൻസർ സെൻററിൽ കാൻസർ പരിശോധന, ആധുനിക കാൻസർ നിർണയം, കീമോതെറാപി, ഓങ്കോ സർജറി തുടങ്ങിയവ ഉൾപ്പെടെയുള്ള സമഗ്ര സേവനങ്ങൾ ലഭ്യമാകും.എത്ര നേരത്തെ കാൻസർ നിർണയം നടത്തുന്നു എന്നതിൻറേയും രോഗിക്ക് വൈദ്യശാസ്ത്ര മേഖലയിൽ നിന്നു ലഭിക്കുന്ന പിന്തുണയുടേയും അടിസ്ഥാനത്തിലാണ് കാൻസർ പരിരക്ഷയുടെ ഫലങ്ങളെന്ന് പദ്ധതിയെ കുറിച്ച് വിശിഷ്ടാതിഥികൾക്കു മുന്നിൽ നടത്തിയ അവതരണത്തിൽ കാർക്കിനോസ് ഹെൽത്ത്കെയർ മെഡിക്കൽ ഡയറക്ടറും കേരളാ ഓപ്പറേഷൻസ് സിഇഒയുമായ ഡോ. മോനി ഏബ്രഹാം കുര്യാക്കോസ് ചൂണ്ടിക്കാട്ടി. എന്നാൽ ഈ രംഗത്ത് അഭാവങ്ങളുണ്ടെന്നതാണ് ഖേദകരമായ വസ്തുത. വി ജി സറഫ്കാർക്കിനോസ് കാൻസർ സെൻറർ പോലുള്ള കമ്മ്യൂണിറ്റി കാൻസർ സെൻററുകൾ സ്ഥാപിക്കുന്നതിലൂടെ പ്രാഥമിക ആരോഗ്യ സേവനങ്ങളും കാൻസർ പരിരക്ഷയും തമ്മിൽ സംയോജിപ്പിച്ച് അവയെ തമ്മിൽ ബന്ധിപ്പിക്കാനാണ് കാർക്കിനോസ് ശ്രമിക്കുന്നത്. ടാറ്റാ മെമ്മോറിയൽ ഹോസ്പിറ്റലും മയോ ക്ലിനിക്കും പോലുള്ള സ്ഥാപനങ്ങളാണ് ഈ ദൗത്യത്തിൻറെ സാങ്കേതിക പങ്കാളികൾ. ഈ നീക്കത്തിലൂടെ രാജ്യത്തിൻറെ വിദൂര ഭാഗങ്ങളിലുള്ളവർക്കു പോലും അത്യാധുനീക കാൻസർ പരിരക്ഷ ലഭിക്കുമെന്നും അത് താങ്ങാനാവുന്ന ചെലവിലായിരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



# എയർ ഇന്ത്യ എക്സ്പ്രസിന്റെ ടൈം ടു ട്രാവൽ; 1,799 രൂപ മുതൽ വിമാനടിക്കറ്റുകൾ




**കൊച്ചി:** ആഭ്യന്തര വിമാന യാത്രക്കാർക്കായി 1,799 രൂപ മുതൽ ആരംഭിക്കുന്ന നിരക്കുകളുമായി എയർ ഇന്ത്യ എക്സ്പ്രസ് ടൈം ടു ട്രാവൽ സെയിൽ പ്രഖ്യാപിച്ചു. ഈ വർഷം സെപ്റ്റംബർ 30 വരെയുള്ള യാത്രകൾക്കായി ജനുവരി 11 വരെ ബുക്ക് ചെയ്യുന്ന ടിക്കറ്റുകളാണ് പ്രത്യേക നിരക്കിൽ ലഭിക്കുക.എയർ ഇന്ത്യ എക്സ്പ്രസിൻറെ കൊച്ചിയിൽ നിന്നുള്ള ബെംഗളൂരു, ഹൈദരാബാദ്, ന്യൂഡൽഹി സർവീസുകൾക്കും തിരുവനന്തപുരത്ത് നിന്നുള്ള ബെംഗളൂരു ചെന്നൈ സർവീസുകൾക്കും കണ്ണൂരിൽ നിന്നുള്ള ബെംഗളൂരു തിരുവനന്തപുരം സർവീസുകൾക്കും കോഴിക്കോട് നിന്നുള്ള ആഭ്യന്തര സർവീസുകൾക്കും ടൈം ടു ട്രാവൽ സെയിലിൻറെ ഭാഗമായുള്ള പ്രത്യേക ടിക്കറ്റ് നിരക്കുകൾ ബാധകമാണ്. കൂടാതെ എയർലൈനിൻറെ നെറ്റ്‌വർക്കിലുടനീളം സെയിലിൻറെ ഭാഗമായി ഡിസ്ക്കൗണ്ടുകളും ലഭിക്കും.35 ബോയിംഗ് 737, 28 എയർബസ് എ320 എന്നിവയുൾപ്പെടെ 63 വിമാനങ്ങളുള്ള എയർ ഇന്ത്യ എക്സ്പ്രസ് 31 ആഭ്യന്തര, 14 അന്താരാഷ്ട്ര വിമാനത്താവളങ്ങളിലേക്കായി പ്രതിദിനം 325ലധികം വിമാനസർവീസുകൾ നടത്തുന്നു.ന്യൂപാസ് റിവാഡ്സ് പ്രോഗ്രാമിൻറെ ഭാഗമായി, വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ടിക്കറ്റെടുക്കുന്ന ഹൈഫ്ളയർ, ജെറ്റ്സെറ്റർ ബാഡ്ജുകളുള്ള അംഗങ്ങൾക്ക് എക്സ്പ്രസ് എഹെഡ് മുൻഗണനാ സേവനങ്ങൾ സൗജന്യമായി ലഭിക്കും. ടാറ്റ ന്യൂപാസ് റിവാഡ്സ് പ്രോഗ്രാമിലെ അംഗങ്ങൾക്ക് ഭക്ഷണം, സീറ്റുകൾ, ബാഗേജുകൾ, മാറ്റം, റദ്ദാക്കൽ ഫീസ് ഇളവുകൾ എന്നിവ പോലുള്ള എക്സ്ക്ലൂസീവ് മെമ്പർ ആനുകൂല്യങ്ങൾക്ക് പുറമേ 8 ശതമാനം വരെ ന്യൂകോയിൻസും ലഭിക്കും. ലോയൽറ്റി അംഗങ്ങൾക്ക് പുറമേ, വിദ്യാർത്ഥികൾ, മുതിർന്ന പൗരന്മാർ, ചെറുകിട ഇടത്തരം സംരംഭങ്ങൾ, ആശ്രിതർ, സായുധ സേനാംഗങ്ങൾ എന്നിവർക്കും എയർ ഇന്ത്യ എക്സ്പ്രസിൻറെ വെബ്സൈറ്റിലും മൊബൈൽ ആപ്പിലും പ്രത്യേക നിരക്കുകൾ ലഭിക്കും.എയർ ഇന്ത്യ എക്സ്പ്രസ് അടുത്തിടെ നവീകരിച്ച ബ്രാൻഡ് ഐഡൻറിറ്റി അനാവരണം ചെയ്തിരുന്നു. വൈവിധ്യമാർന്ന ഗൗർമേർ ഭക്ഷണം, സുഖപ്രദമായ ഇരിപ്പിടങ്ങൾ, എയർഫ്ലിക്സ് ഇൻഫ്ലൈറ്റ് എക്സ്പീരിയൻസ് ഹബ്, എക്സ്ക്ലൂസീവ് ലോയൽറ്റി ആനുകൂല്യങ്ങൾ എന്നിവ എയർലൈൻ വാഗ്ദാനം ചെയ്യുന്നു.

# ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ റോഡ് ഷോയ്ക്ക് തുടക്കം




**കൊച്ചി:** ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ രണ്ടാം എഡിഷന്റെ ഭാഗമായി റോഡ് ഷോയ്ക്ക് തുടക്കമായി. സെന്റ് തെരേസാസ് കോളജിൽ വച്ചു നടന്ന പരിപാടിയിൽ സിനിമാ താരവും, മുൻ ഇന്ത്യൻ ബാസ്ക്കറ്റ് ബോൾ താരവുമായ പ്രാചി തെഹ്ലാൻ, ഫെഡറൽ ബാങ്ക് വൈസ് പ്രസിഡന്റും റീജിയണൽ മേധാവിയുമായ ടി എസ് മോഹനദാസ് എന്നിവർ ചേർന്ന് ഫ്ലാഗ് ഓഫ് ചെയ്തു. പൊതുജനാരോഗ്യവും ശാരീരികക്ഷമതയും മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ട് ക്ലിയോസ്പോർട്സിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഫെഡറൽ ബാങ്ക് കൊച്ചി മാരത്തോണിന്റെ രണ്ടാം പതിപ്പ് 2024 ഫെബ്രുവരി 11ന് നടക്കും. കൊച്ചിയെ സ്പോർട്സ് ടൂറിസം ഹബ്ബായി ഉയർത്തുക, ക്ലീൻ, ഗ്രീൻ, സേഫ് കൊച്ചി എന്നീ ദീർഘകാല ലക്ഷ്യം മുൻനിർത്തിയാണ് ഫെഡറൽ ബാങ്ക് കൊച്ചി മാരത്തോൺ സംഘടിപ്പിക്കുന്നത്.ഈ വർഷം എല്ലാവരെയും ഉൾക്കൊള്ളിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലുടനീളം മുപ്പതു ദിവസം നീണ്ടു നിൽക്കുന്ന റോഡ് ഷോ വിവിധ കലാലയങ്ങളിലടക്കം സന്ദർശനം നടത്തും. രജിസ്ട്രേഷന്റെ ഭാഗമായി വിവിധ കലാ കായിക മത്സരങ്ങളും സംഘടിപ്പിക്കും. ചലച്ചിത്ര താരം നിയാസ്, സെന്റ് തെരേസാസ് കോളേജ് പ്രിൻസിപ്പൾ ഡോ. അൽഫോൺസ വിജയ ജോസഫ്, ഡോ. പ്രവീൺ പൈ, ക്ലിയോസ്പോർട്സ് ഉടമകളായ ബൈജു പോൾ, അനീഷ് പോൾ, ശബരി നായർ, ഖൽബ് സിനിമയിലെ താരങ്ങളായ രഞ്ജിത്ത് സജീവ്, അംബി, കാർത്തിക് ശങ്കർ, ആതിര പട്ടേൽ എന്നിവർ പങ്കെടുത്തു.ഇത്തവണ ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണിൽ ശാരീരിക വൈകല്യമുള്ളവർക്കും ഭിന്നശേഷിയുള്ളവർക്കുമായി ഒരു പ്രത്യേക വിഭാഗവും ഉൾപ്പെടുത്തിയിട്ടുണ്ട്. ന്യൂറോ സംബന്ധിയായ വൈകല്യങ്ങളുള്ള കുട്ടികളുടെയും യുവാക്കളുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണാനായി പ്രവർത്തിക്കുന്ന സന്നദ്ധസംഘടനയായ രക്ഷാ സൊസൈറ്റിയുടെ സഹകരണത്തോടെയാണ് ഈ ഓട്ടം സംഘടിപ്പിക്കുക. മാരത്തോണിനുള്ള രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. ഓൺലൈൻ രജിസ്ട്രേഷന് ൦൦൦.സീരവശാമുമവേീ.ശി സന്ദർശിക്കുക

## 2024ൽ പ്രേക്ഷകർ കാത്തിരിക്കുന്ന ഇന്ത്യൻ സിനിമകൾ: പട്ടിക പുറത്ത് വിട്ട് ഐഎംഡിബി

മുംബൈ: ഇന്ത്യൻ സിനിമ ലോകം ഈ വർഷം ഉറ്റ് നോക്കുന്ന സിനിമകളുടെ പട്ടിക ഐഎംഡിബിപുറത്ത് വിട്ടു. ഹൃതിക് റോഷനും ദീപിക പദുക്കോണും മുഖ്യവേഷങ്ങളിലെത്തുന്ന ഫൈറ്ററാണ് ഈ പട്ടികയിലെ ഒന്നാം സ്ഥാനത്ത്. മോഹൻലാൽ നായകവേഷത്തിലെത്തുന്ന മലൈക്കോട്ടൈ വാലിബനും പട്ടികയിൽ ഇടം നേടിയിട്ടു. ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് പ്രതിമാസ സന്ദർശകരുടെ പേജ് വ്യൂസ് അടിസ്ഥാനമാക്കിയാണ് പട്ടിക തയ്യാറാക്കിയിരിക്കുന്നത്.ഇതിനോടകം തന്നെ ഫൈറ്ററിന്റെ ടീസറും ഗാനങ്ങളും പ്രേക്ഷകർക്കിടയിൽ മികച്ച പ്രതികരണം നേടിയിരുന്നു. 2024 ജനുവരി 25ന് സിനിമ തീയേറ്ററുകളിൽ റിലീസ് ചെയ്യും. ഐഎംഡിബിപുറത്ത് വിട്ട പട്ടികയിലെ ആദ്യ അഞ്ച് സിനിമകളിൽ മൂന്നിലും ദീപിക പദുക്കോൺ അഭിനയിച്ചിട്ട്.പുഷ്പ: ദി റൂൾ പാർട്ട് 2, വെൽക്കം ടു ദി ജംഗിൾ,സിംഗം എഗൈൻ,കൽക്കി 2898 എ.ഡി,ബഗീര,ഹനു മാൻ,ബഡേ മിയാൻ ചോട്ടെ മിയാൻ,കങ്കുവ,ദേവര പാർട്ട് 1,ഛാവ,ഗ്യൂർ കാരം,മെറി ക്രിസ്മസ്,ക്യാപ്റ്റൻ മില്ലർ,തങ്കളാൻ,ഇന്ത്യൻ 2,യോദ്ധ,മേ അടൽ ഹൂൺ,ജിഗ്ര എന്നിവയാണ് പട്ടികയിലെ മറ്റു സിനിമകൾ

## ഡിഎസ്പി മ്യൂച്വൽ ഫണ്ട് പുതിയ മൾട്ടിക്യാപ് ഫ് അവതരിപ്പിച്ചു

**കൊച്ചി:** മുൻനിര അസറ്റ് മാനേജ്മെന്റ് കമ്പനിയായ ഡിഎസ്പി മ്യൂച്വൽ ഫ് പുതിയ മൾട്ടിക്യാപ് ഫ് അവതരിപ്പിച്ചു. നിക്ഷേപകർക്ക് ലാർജ് ക്യാപ്, മിഡ് ക്യാപ്, സ്മോൾ ക്യാപ് ഓഹരികളിൽ ഇഷ്ടാനുസരണം നിക്ഷേപിക്കാനുള്ള അവസരമൊരുക്കുന്ന മ്യൂച്വൽ ഫണ്ടാണിത്. ഈ മാസം എട്ടു മുതൽ 22 വരെ ഈ ഫിൽ നിക്ഷേപിക്കാം. 75 മുതൽ 100 ശതമാനം വരെ ഇക്വിറ്റി ഓഹരികളിലാണ് ഈ ഫിന്റെ നിക്ഷേപം.

## ഡെലിവറി പാർട്ട്നേഴ്സിനു സ്വിഗ്ഗിയുടെ ആദരം

**തൃശ്ശൂർ :** കേരളത്തിലെ ഡെലിവറി പാർട്ട്നേഴ്സിനു ആദരമൊരുക്കി സ്വിഗ്ഗി. 2023ലെ മികച്ച പ്രകടനത്തെ അഭിനന്ദിച്ചു നടത്തിയ അവധിക്കാല ആഘോഷ പരിപാടിയിൽ തൃശ്ശൂർ,പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കോട്ടയം,ആലപ്പുഴ, തിരുവല്ല, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 800ലേറെ ഡെലിവറി ജീവനക്കാർ പങ്കെടുത്തു. മികച്ച ഡെലിവറി ജീവനക്കാർക്കായി പ്രത്യേകമൊരുക്കിയ പരിപാടികൾ, കേക്ക് വിതരണം എന്നിവ നടന്നു.ഭക്ഷണ വിതരണത്തിലൂടെയും സ്വിഗ്ഗി ഇൻസ്റ്റാമാർട്ടിലൂടെയും മറ്റും ഉപഭോക്താക്കൾക്ക് സമാനതകളില്ലാത്ത സൗകര്യങ്ങൾ എത്തിക്കുന്ന ജീവനക്കാരുടെ കഠിനാധ്വാനത്തെയും പ്രതിബദ്ധതയെയും ഏറ്റവുമധികം വിലമതിക്കുന്നുവെന്നു വ്യക്തമാക്കിക്കൊണ്ടാണ് ആദരച്ചടങ്ങ് ഒരുക്കിയത്.ഡെലിവറി പാർട്ട്നേഴ്സ് സ്വിഗ്ഗിയുടെ പ്രവർത്തനങ്ങളുടെ നട്ടെല്ലാണെന്ന് നാഷണൽ ബിസിനസ് ഹെഡ് സിദ്ധാർത്ഥ് ഭക്കൂ പറഞ്ഞു. ഡെലിവറി ജീവനക്കാരുടെ അർപ്പണബോധവും കഠിനാധ്വാനവും അവരുടെ ക്ഷേമത്തിനും സന്തോഷത്തിനുമായി സമർപ്പിക്കുകയാണ്. ഡെലിവറി സമൂഹത്തിനായി ഇത്തരം കൂടുതൽ സംരംഭങ്ങൾ ഒരുക്കുമെന്നും അദ്ദേഹം പറഞ്ഞു.

## ഉപഭോക്തൃ ഏകദിന ശിൽപ്പശാല

**കൊച്ചി:** ദേശീയ ഉപഭോക്തൃ ദിനാചരണത്തിന്റെ ഭാഗമായി കലാലയ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന ഉപഭോക്തൃ ഏകദിന ശില്പശാല സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് ജസ്റ്റിസ് കെ. സുരേന്ദ്രമോഹൻ ഉദ്ഘാടനം ചെയ്യും. തേവര സേക്രഡ് ഹാർട്ട് കോളേജ് ഓഡിറ്റോറിയത്തിൽ ഇന്ന് രാവിലെ 9.30ന് നടക്കുന്ന ഉദ്ഘാടനത്തിൽ ടി.ജെ.വിനോദ് എംഎൽഎ അധ്യക്ഷത വഹിക്കും. എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് ഡി.ബി. ബിനു മുഖ്യ പ്രഭാഷണം നടത്തും. സംസ്ഥാന ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃ കാര്യവകുപ്പും തേവര കോളേജിന്റെ കൊമേഴ്സ് ഡിപ്പാർട്ട്മെന്റും ചേർന്നാണ് പരിപാടി സംഘടിപ്പിക്കുന്നത്. ശിൽപ ശാലയിൽ വിവിധ വിഷയങ്ങളെ സംബന്ധിച്ച് ബി.ഐ.എ.എസ് കേരള ലക്ഷദീപ് ജോയിന്റ് ഡയറക്ടർ സന്ദീപ് എസ് കുമാർ , സംസ്ഥാന ഉപഭോക്തൃ സംരക്ഷണ കൗൺസിൽ അംഗം അഡ്വക്കേറ്റ് ജെ സൂര്യ, അഡ്വ.കെ.എസ്.ഹരിഹരൻ, പ്രൊഫ:ജെയിംസ് വി. ജോർജ് എന്നിവർ സംസാരിക്കും.. ജില്ലാ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ അംഗങ്ങളായ വൈക്കം രാമചന്ദ്രൻ, ടി.എൻ ശ്രീവിദ്യ, സംസ്ഥാന ഉപഭോക്ത സംരക്ഷണം കൗൺസിൽ അംഗം അനിതാ സുനിൽകുമാർ, എസ്.എച്ച്. കോളേജ് പ്രിൻസിപ്പൽ ഫാ.ഡോ. ജോസ് ജോൺ, ജില്ലാ സപ്ലൈ ഓഫീസർ ടി.സഹീർ, താലൂക്ക് സപ്ലൈ ഓഫീസർ ടി.ശോഭ എന്നിവരും പങ്കെടുക്കും.

# ഇന്റർനാഷണൽ ഫിഷറീസ് കോൺഗ്രസിന് നാളെ തുടക്കം

**കൊച്ചി:** കേരളം ആതിഥേയത്വം വഹിക്കുന്ന ആദ്യ ഇന്റർനാഷണൽ ഫിഷറീസ് കോൺഗ്രസ് ആന്റ് എക്സ്പോ കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിൽ (കുഫോസ്) വെള്ളിയാഴ്ച തുടങ്ങും. ഫിഷറീസ് പ്രൊഫഷണലുകളുടെയും സമുദ്രപരിസ്ഥിതി ശാസ്ത്രജ്ഞരുടെയും സമുദ്രോൽപ്പന്ന കയറ്റുമതി വ്യവസായികളുടെയും രാജ്യാന്തര സമ്മേളനമാണ് ഇന്റർനാഷണൽ ഫിഷറീസ് കോൺഗ്രസ്. പനങ്ങാട് ഫിഷറീസ് കോളേജ് പൂർവ്വവിദ്യാർത്ഥി സംഘടനയുടെ (കോഫ്പ) സഹകരണത്തോടെയാണ് മൂന്ന് ദിവസത്തെ കോൺഗ്രസ് സംഘടിപ്പിക്കുന്നത്. കോൺഗ്രസ് വെള്ളിയാഴ്ച രാവിലെ 10 മണിക്ക് സംസ്ഥാന ഫിഷറീസ് മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യും. കുഫോസ് വൈസ് ചാൻസലർ ഡോ.ടി.പ്രദീപ് കുമാർ അധ്യക്ഷത വഹിക്കും. ഇന്ത്യൻ കാർഷിക ഗവേഷണ കൌൺസിൽ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ.ജെ.കെ.ജന മുഖ്യാതിഥിയായിരിക്കും. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ ഡോ.വി.കെ.രാമചന്ദ്രൻ മുഖ്യപ്രഭാക്ഷണം നടത്തും മത്സ്യബന്ധനവും സമുദ്രോൽപ്പന്ന വ്യവസായവും സാമൂഹിക സാമ്പത്തിക മണ്ഡലങ്ങളിൽ ചെറുതല്ലാത്ത പങ്ക് വഹിക്കുന്ന വിവിധ രാജ്യങ്ങളിൽ നിന്നായി 500 ഓളം പ്രതിനിധികളാണ് ഫിഷറീസ് കോൺഗ്രസിൽ പങ്കെടുക്കുന്നത്. കാലാവസ്ഥ വ്യതിയാനം ഫിഷറീസ് മേഖലയിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ കണക്കിലെടുത്ത്കൊണ്ട് ബ്ലൂ ഇക്കോണമിയിലെ സാദ്ധ്യതകൾ പ്രത്യുൽപാദപരമായി എങ്ങിനെ പ്രയോജനപ്പെടുത്താം എന്നതാണ് ഫിഷറീസ് കോൺഗ്രസ് പ്രധാനമായും ചർച്ച ചെയ്യുക. വേമ്പനാട്ട് കായലിന്റ നശീകരണവും ലോകവ്യാപകമായി നടക്കുന്ന ജലജീവി വർഗ്ഗങ്ങളുടെ ശോഷണവും സമ്മേളനം ചർച്ച ചെയ്യും. മത്സ്യബന്ധന മേഖലയിൽ തൊഴിലാളികളും മത്സ്യകൃഷിയിൽ കർഷകരും നേരിടുന്ന പ്രതിസന്ധികൾ ചർച്ച ചെയ്യാനും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്താനുമായി മത്സ്യബന്ധന തൊഴിലാളികളുടെയും മത്സ്യ കർഷകരുടെയും ദേശിയ സംഗമവും ഫിഷറീസ് കോൺഗ്രസിന്റെ ഭാഗമായി നടക്കും. കോൺഗ്രസിന്റ രണ്ടാം ദിവസമായ ശനിയാഴ്ചയാണ് മത്സ്യ തൊഴിലാളി കർഷക സംഗമം. ഫിഷറീസ് മേഖലയിൽ പ്രവർത്തിക്കുന്ന ഇന്ത്യയിലെ എല്ലാ സ്ഥാപനങ്ങളും സർവ്വകലാശാലകളും ഫിഷറീസ് കോൺഗ്രസിൽ പങ്കെടുക്കും. ഡോ. ഹോളി ഹാപ്കെ ( കാലിഫോർണിയ സർവ്വകലാശാല), ഡോ.ഡുങ് വിയറ്റ് ലീ ( വിയറ്റ്നാം നാഷണൽ യൂണിവേഴ്സിറ്റി), ഡോ.ഡൂസൻ പാലിക് ( മ്യൂണിക് സർവ്വകലാശാല), ഡോ.ചേർദ്സാക് വീരാപട്ട് (ബംഗ്ളാദേശ്), ഡോ. അന്റോണിയോ ഗാർസ ( അക്വാകൾച്ചർ വിത്ത് ഔട്ട് ഫ്രണ്ടിയേഴ്സ് അദ്ധ്യക്ഷൻ) , ഡോ. ഇബ്നു സഹിദിർ ( ഇന്തോനേഷ്യ), ഡോ.പുണ്യശ്ളോക ബാദുരി (കൊൽക്കത്ത), ഡോ.വിൻസെൻസോ സോണോ ( ഇറ്റലി), ഡോ.പി.കൃഷ്ണൻ ( ബേ ഓഫ് ബംഗാൾ പ്രൊജക്ട്) എന്നിവരാണ് കോൺഗ്രസിൽ പങ്കെടുക്കുന്ന പ്രധാന ശാസ്തജ്ഞർ. സ്വദേശത്തെയും വിദേശത്തെയും പ്രധാന ഫിഷറീസ് സ്ഥാപനങ്ങളുടെ സ്റ്റാളുകൾ ഫിഷറീസ് കോൺഗ്രസിനോട് അനുബന്ധിച്ച് സംഘടിപ്പിക്കുന്ന എക്സ്പോയിൽ ഉണ്ടാകും.മൂന്ന് ദിവസത്തെ കോൺഗ്രസിൽ ഉരുത്തിരിയുന്ന നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും കേന്ദ്ര സംസ്ഥാന ഫിഷറീസ് മന്ത്രാലയങ്ങൾക്കും ഐക്യ രാഷ്ട്ര സഭയുടെ ഭക്ഷ്യ കാർഷിക സംഘടനക്കും സമർപ്പിക്കും.

## തൊഴിലധിഷ്ഠിത കോഴ്സിൽ ഒഴിവ്: പ്രവേശനം ആരംഭിച്ചു

**തിരുവനന്തപുരം:** കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തുള്ള ട്രെയിനിംഗ് ഡിവിഷനിൽ ആരംഭിച്ച ഡിപ്ലോമാ ഇൻ കമ്പ്യൂട്ടർ ഹാർഡ്വെയർ ആൻഡ് നെറ്റ്വർക്കിംഗ്, ഡിപ്ലോമാ ഇൻ മൾട്ടിമീഡിയ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് എന്നീ ഗവൺമെന്റ് അംഗീകൃത തൊഴിലധിഷ്ഠിത കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിൽ പ്രവേശനം ആരംഭിച്ചുപട്ടികജാതി/പട്ടികവർഗ/മറ്റർഹ വിദ്യാർഥികൾക്ക് നിയമാനുസൃത ഫീസ് സൗജന്യമുണ്ട്. സ്റ്റൈപ്പന്റും ലഭിക്കും. ഒ.ബി.സി/എസ്.ഇ.ബി.സി/മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് വരുമാന പരിധിയ്ക്ക് വിധേയമായി ഫീസ് സൗജന്യം ലഭിക്കും.അപേക്ഷകർ വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗ് സിറ്റി സെന്റർ, പുന്നപുരം, പടിഞ്ഞാറെക്കോട്ട, തിരുവനന്തപുരം 695024 എന്ന വിലാസത്തിൽ നേരിട്ട് ഹാജരാകണം. ഫോൺ: 0471 2474720, 2467728, വെബ്സൈറ്റ്: www.captkerala.com

# ബാംബൂ ഫെസ്റ്റ്: ദ്വിദിന സെമിനാറിന് നാളെ തുടക്കം




**കൊച്ചി :** 20ാമത് കേരള ബാംബൂ ഫെസ്റ്റിന്റെ ഭാഗമായി സെമിനാറുകൾ നടത്തുന്നു. മുള മേഖലയുമായി ബന്ധപ്പെട്ടൊരുക്കുന്ന നാഷണൽ ലെവൽ സെമിനാർ ജനുവരി 12,13 തീയതികളിലായി കൊച്ചി, മറൈൻ ഡ്രൈവ്, താജ് ഗേറ്റ്വേ ഹോട്ടലിൽ സംഘടിപ്പിക്കും. രണ്ട് ദിവസങ്ങളിലായി സംഘടിപ്പിക്കുന്ന സെമിനാറിന്റെ ഉദ്ഘാടനം കേന്ദ്ര കൃഷി മന്ത്രാലയ സെക്രട്ടറി മനോജ് അഹൂജ ഐ.എ.എസ്. നിർവഹിക്കും. ഹോർട്ടികൾച്ചർ കമ്മീഷണർ ആന്റ് നാഷണൽ ബാംബൂ മിഷൻ,ഡയറക്ടർ ഡോ. പ്രഭാത് കുമാർ മുഖ്യപ്രഭാഷണം നിർവഹിക്കുന്ന ചടങ്ങിൽ പ്രിൻസിപ്പൽ സെക്രട്ടറി (വ്യവസായം) എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്., സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ആന്റ് സ്റ്റേറ്റ് ബാംബൂ മിഷൻ ഡയറക്ടർ, എസ് ഹരികിഷോർ ഐ.എ.എസ്., തുടങ്ങിയവർ സംബന്ധിക്കും.നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (എൻഐഡി) ബെംഗളൂരു, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെഎഫ്ആർഐ), ബാംബൂ & കെയിൻ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (ആഇഉക), അഗർത്തല, ത്രിപുര; ഉറവ്, വയനാട്, കേരളം തുടങ്ങിയ പ്രമുഖ സർക്കാർ സർക്കാരിതര സ്ഥാപനങ്ങൾ സെമിനാറിൽ വിവിധ സെക്ഷനുകൾ കൈകാര്യം ചെയ്യും.ജനുവരി 12 മുതൽ 17 വരെ എറണാകുളം ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനിയിലാണ് കേരള സംസ്ഥാന ബാംബൂ മിഷൻ ഒരുക്കുന്ന 20ാമത് കേരള ബാംബൂ ഫെസ്റ്റ് സംഘടിപ്പിക്കുന്നത്. പൊതുജനങ്ങൾക്ക് മുളകരകൗശല ഉത്പ്പന്നങ്ങളുടെ നിർമാണ രീതികൾ തത്സമയം നേരിട്ട് മനസ്സിലാക്കുന്നതിനും കലാകാരന്മാരോട് ആശയവിനിമയം നടത്തുന്നതിനും ഒപ്പം വിപണന സാധ്യത പ്രയോജനപ്പെടുത്തുന്നതിനും അവസരമൊരുക്കിയിട്ടുണ്ട്. ജനുവരി 12ന് ഉദ്ഘാടനത്തിനോടനുബന്ധമായി വൈകുന്നേരം 6.00 മണി മുതൽ മേള പ്രദർശനം ആരംഭിക്കും. 13 മുതൽ 17 വരെ രാവിലെ 11.00 മുതൽ രാത്രി 9.00 മണി വരെയാണ് മേളയുടെ സമയക്രമം. മേളയിൽ പ്രവേശനം സൗജന്യമാണ്.

